**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിൽ വ്യാപകമായ പിൻവാതിൽ നിയമനം നടന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 17/02/2016-ലെ ജി.ഒ.(പി) നം.5/2016/എഫ്& പി.ഡി ഉത്തരവ് പ്രകാരമാണ് മത്സ്യഫെഡിൽ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകിയത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന ശേഷം ഉണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്ന് ഉദ്യോഗാർത്ഥികളെ ലഭ്യമാകുന്നതിന് കാലതാമസം നേരിട്ടതിനാൽ അവശ്യം വേണ്ടുന്ന ജീവനക്കാരെ വർത്തമാനപത്രങ്ങൾ, വെബ്സൈറ്റ് എന്നിവ മുഖേന പരസ്യം നൽകിയും, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി), ഐ.എം.ജി. എന്നീ സർക്കാർ ഏജൻസികൾ മുഖേന ടെസ്റ്റ് നടത്തിയും, മാനദണ്ഡങ്ങൾ പാലിച്ച് താത്കാലികാടിസ്ഥാനത്തിലും, വിവിധ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേനയും നിയോഗിച്ചിട്ടുണ്ട്. |
| (ബി) | 2016 ഓഗസ്റ്റ് മുതൽ 2021 ഓഗസ്റ്റ് വരെ 342 നിയമനങ്ങൾ മത്സ്യഫെഡിൽ നടന്നു എന്നത് വസ്തുതയാണോ; എങ്കിൽ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ, മാനദണ്ഡങ്ങൾ പാലിച്ച് താത്കാലികമായി നിയമിച്ചിട്ടുണ്ട്. |
| (സി) | മത്സ്യഫെഡിലെ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ കൈകാര്യം ചെയ്യുന്നത് പിൻവാതിൽ നിയമനം നേടിയവരാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; പിൻവാതിൽ നിയമനം നേടിയവരാണ് അഴിമതി നടത്തിയത് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (സി) | മത്സ്യഫെഡിൽ ജീവനക്കാരുടെ വിരമിക്കൽ മൂലം സ്ഥിരം ജീവനക്കാരുടെ അപര്യാപ്തത ഉണ്ട്. ഇത് മൂലം പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കുവാൻ അവശ്യം വേണ്ടുന്ന ജീവനക്കാരെ വർത്തമാനപത്രങ്ങൾ, വെബ്സൈറ്റ് എന്നിവ മുഖേന പരസ്യങ്ങൾ നൽകിയും, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി), ഐ.എം.ജി എന്നീ |

| | | | |
|---|---|---|---|
| | | | സർക്കാർ ഏജൻസികൾ മുഖേന ടെസ്റ്റ് നടത്തിയും മാനദണ്ഡങ്ങൾ പാലിച്ച് താത്കാലികാടിസ്ഥാനത്തിലും വിവിധ വകുപ്പുകളിൽനിന്നും നിന്നും ഡെപ്യൂട്ടേഷൻ മുഖേനയും നിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് പുറത്താക്കപ്പെട്ട അക്കൗണ്ടന്റിനെ 2013-ലാണ് മത്സ്യഫെഡിൽ താത്കാലികമായി നിയോഗിച്ചത്. |
| (ഡി) | മത്സ്യത്തൊഴിലാളികളിൽ നിന്നും സംഭരിച്ചതെന്ന പേരിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും മീൻ എത്തിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | മത്സ്യത്തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്ന് നേരിട്ടും സംഘങ്ങൾ മുഖേനയും മത്സ്യത്തൊഴിലാളികളിൽ നിന്നുമാണ് മത്സ്യഫെഡിന്റെ ഫിഷ് ബൂത്തുകൾക്കാവശ്യമായ മത്സ്യശേഖരണം നടത്തുന്നത് എന്നാൽ ഫിഷ്ബൂത്തുകളിൽ എല്ലാത്തരം മത്സ്യങ്ങളും ലഭ്യമാക്കേണ്ടതുള്ളതിനാൽ കേരള തീരത്ത് ലഭിക്കാത്ത മത്സ്യങ്ങൾ കന്യാകുമാരി ജില്ലയിൽ നിന്നും ലഭ്യമാക്കി ഗുണമേന്മ ഉറപ്പുവരുത്തി മത്സ്യഫെഡ് ഫിഷ് ബൂത്തുകളിൽ വിപണനം നടത്തി വരുന്നു. ആയതിനാൽ കേരളത്തിലുള്ള മത്സ്യത്തൊഴിലാളികളെ ഇത് ബാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ